## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

(1) റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. പ്രമോദ് നാരായൺ: സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. വി. ജോയി: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: റിപ്പോർട്ട് സഭ അംഗീകരിച്ചിരിക്കുന്നു.

(2) സാമാന്യമായി പൊതുതാൽപ്പര്യമുള്ള സംഗതികൾ സംബന്ധിച്ച പ്രമേയങ്ങൾ

(i) പുതിയ വിദ്യാഭ്യാസ നയ രൂപീകരണം

ശ്രീ. എം. വിജിൻ: സർ, "വിജ്ഞാനം പകർന്ന് നൽകുന്നതോടൊപ്പം ജ്ഞാനനിർമ്മിതികൂടി നടക്കേണ്ടതാണ് ഉന്നത വിദ്യാഭ്യാസ രംഗം. ശ്രേണീബദ്ധമായ സമൂഹത്തിലെ യുവതയ്ക്ക് കടമ്പകൾ മറികടക്കാൻവേണ്ട അവസരം ലഭ്യമാക്കുകയെന്നത് ഉന്നത വിദ്യാഭ്യാസത്തിന്റെ അടിസ്ഥാന ലക്ഷ്യമാകേണ്ടതാണ്. ജനായത്ത സമൂഹസൃഷ്ടിയുടെ മൂലക്കല്ലാകണം ഉന്നത വിദ്യാഭ്യാസം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ വിജ്ഞാനാർജ്ജനത്തിനും നൈപുണിശേഷി വികസനത്തിനും സാംസ്കാരിക വികാസത്തിനുമുള്ള കേന്ദ്രങ്ങളാക്കി വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെയാകണം വിദ്യാഭ്യാസ നയം രൂപീകരിക്കേണ്ടത്. പൊതുലിസ്റ്റിൽപ്പെടുന്ന (കൺകറന്റ് ലിസ്റ്റ്) വിദ്യാഭ്യാസത്തെ ക്കുറിച്ചുള്ള നയ രൂപീകരണം അനിവാര്യമായും സംസ്ഥാനങ്ങളുമായും അക്കാദമിക സമൂഹവുമായും കൂലങ്കഷമായ ചർച്ചയുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞു വരുന്നതാകണം. ദൗർഭാഗ്യവശാൽ ദേശീയ വിദ്യാഭ്യാസ നയം 2020, കേന്ദ്ര സർക്കാർ ഫെഡറൽ തത്വങ്ങളെ അവഗണിച്ചുകൊണ്ടാണ് രൂപീകരിച്ചിട്ടുള്ളത്. രാഷ്ട്ര നിർമ്മാണ പ്രക്രിയയിൽ പട്ടികജാതികളിലും പട്ടികഗോത്രങ്ങളിലും പിന്നാക്ക ജാതികളിലുംപെട്ട പാർശ്വവത്കൃതർക്ക് പങ്കാളിത്തം ഉറപ്പാക്കുന്നതിന് വേണ്ട സംവരണം പ്രസ്തുത നയത്തിൽ വിഭാവനം ചെയ്യാത്തത് ആശങ്കാജനകമാണ്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ സ്വകാര്യവത്കരണം പ്രോത്സാഹിപ്പിക്കുന്നത് പാർശ്വവത്കൃതരെ മുഖ്യധാരയിൽനിന്ന് പുറന്തള്ളുമെന്നത് അവിതർക്കിതമാണ്. 'Tenure Track' എന്ന പേരിൽ അദ്ധ്യാപക നിയമനം താല്ക്കാലിക

LIBRARY ARCHIVES Kerala Legislative Assembly